(ബി) ബന്ധപ്പെട്ട എക്സി. എഞ്ചിനിയറാണ് അനുമതി നൽകുന്നത്.

(സി) റോഡുകൾ വെട്ടിപ്പൊളിക്കുന്നത് പൂർവ്വസ്ഥിതിയിലാക്കുകയോ അതിനാവശ്യമായ തുക നല്കുകയോ ചെയ്യുന്നത് റോഡ് വെട്ടിപ്പൊളിക്കുന്നതിന് അനുമതി ലഭിച്ച ഏജൻസി/വകുപ്പ് ആണ്. ഇത് തൃപ്തികരമായി നടപ്പാക്കുന്നത് പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണമായ ഉത്തരവാദിത്വത്തിലാണ്.

മേജർ ഡിസ്ട്രിക്ട് റോഡുകൾ

146 (2246) പ്രൊഫ. എൻ. ജയരാജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര കിലോമീറ്റർ എം.ഡി.ആർ. കൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് ;

(ബി) സംസ്ഥാനത്തെ മുഴുവൻ എം.ഡി.ആർ.കളും മരാമത്ത് വകുപ്പ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ & ബി) മേജർ ജില്ലാ റോഡുകൾ (എം.ഡി.ആർ) എല്ലാം തന്നെ പൊതുമരാമത്ത് വകുപ്പ് റോഡുകളാണ്.

വാഹനഗതാഗതം നിരോധിച്ച നടപടി

147 (2247) ശ്രീ. കെ. കെ. ഷാജു:

ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് മ്യൂസിയം -വെള്ളയമ്പലം റോഡിൽ 2010 നവംബർ 14 മുതൽ 19 വരെ രാവിലെ 5 മണി മുതൽ 7 മണിവരെ വാഹന ഗതാഗതം നിരോധിച്ചുകൊണ്ട് നടപ്പാക്കിയ നടപടിക്കുവേണ്ടി നിയമപരമായി നേരത്തെ നോട്ടിഫിക്കേഷൻ ഇറക്കിയിരുന്നോ ;

(ബി) ഇത്തരം പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് മുമ്പ് എന്തൊക്കെ ചർച്ചകളും പഠനങ്ങളും നടത്തിയെന്ന് വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ വാഹനഗതാഗതം നിരോധിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ നടത്തത്തിനുവേണ്ടി ആരെങ്കിലും നിവേദനം നൽകിയിരുന്നോ ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly